(സി) കുടിശ്ശിക പിരിഞ്ഞു കിട്ടാത്തതുമൂലവും അല്ലാതെയുമുള്ള സാമ്പത്തിക പ്രതിസന്ധിമൂലം വാട്ടർ അതോറിറ്റി ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽനിന്ന് ഇതിനകം വായ്പ എടുത്തിരുന്നോ ;

(ഡി) എങ്കിൽ എത്ര രൂപ ; ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് മുതലും പലിശയുമായി വാട്ടർ അതോറിറ്റി മൊത്തം അടച്ചു തീർക്കാനുള്ള തുക എത്ര ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടിശ്ശിക സംബന്ധിച്ച് 31-5-2010 വരെയുള്ള കണക്കുകൾ മാത്രമേ ക്രോഡീകരിച്ചിട്ടുള്ളു. ഇതിൻപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 248.35 കോടി രൂപ ലഭിക്കാനുണ്ട്. ഇതിൽ 1-4-2008 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നിന്നും 100.78 കോടി രൂപയും മുനിസിപ്പാലിറ്റികളിൽ നിന്ന് 47.37 കോടി രൂപയും കോർപ്പറേഷനുകളിൽ നിന്ന് 61.62 കോടി രൂപയും 1-4-2008 മുതൽ 31-5-2010 വരെ 26.65 കോടി രൂപ, 8.91 കോടി രൂപ, 3.22 കോടി രൂപ ടി സ്ഥാപനങ്ങളിൽ നിന്ന് യഥാക്രമം ലഭിക്കാനുണ്ട്.

(ബി) 24-12-2008 -ൽ ചർച്ച നടത്തുകയും അതിന്റെ വെളിച്ചത്തിൽ 31-3-2008 വരെ അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക തുക 250 കോടി രൂപയായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നിജപ്പെടുത്തുകയും ആയത് 5 വാർഷിക ഗഡുക്കളായി നൽകുവാനും തീരുമാനിക്കുകയുണ്ടായി. 2009-10 സാമ്പത്തിക വർഷം ലഭിക്കേണ്ട ആദ്യ ഗഡുവിൽനിന്ന് 40.43 കോടി രൂപ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക ലഭിക്കുമെന്ന പ്രതീക്ഷയിൽ വൈദ്യുതി കുടിശ്ശിക അടച്ചുതീർക്കുന്നതിനായി കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് 150 കോടി രൂപയും എസ്.ബി.റ്റി.യിൽ നിന്ന് 100 കോടി രൂപയും വായ്പ എടുത്തിരുന്നു. വായ്പ കൃത്യമായി ഒടുക്കിത്തീർക്കുവാൻ സാധിക്കുന്ന പക്ഷം മുതലും പലിശയുമായി 340 കോടി രൂപ ഒടുക്കേണ്ടിവരുമെന്ന് കണക്കാക്കുന്നു.

**പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റ്**

**131 (6290)** ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;



LIBRARY ARCHIVES Kerala Legislative Assembly

(സി) പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കേ പ്രസ്തുത തസ്തിയയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നുണ്ടോ ; എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര പേർക്ക് അനധികൃത നിയമനം നൽകിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലുമായി ഇപ്പോൾ എത്ര പമ്പ് ഓപ്പറേറ്റർ തസ്തികകളിലെ ഒഴിവുകളാണ് നിലവിലുള്ളത് ;

(ഇ) പ്രസ്തുത തസ്തികകളിലേക്ക് നടത്തിയ അനധികൃത നിയമനങ്ങൾ ക്യാൻസൽ ചെയ്യാനും പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക്‌ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റ് 26-11-2009 ലാണ് നിലവിൽ വന്നത്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് 695 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 628 പേരെ പി.എസ്.സി.അഡ്വൈസ് ചെയ്ത് നിയമന ഉത്തരവ് നൽകി. നിയമന ഉത്തരവിൻപ്രകാരം സർവ്വീസിൽ പ്രവേശിക്കാതിരുന്നിട്ടുള്ള 96 എൻ.ജെ.ഡി.ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ കരാർ അടിസ്ഥാനത്തിൽ അനധികൃത നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുവാൻ വേണ്ടി കോൺട്രാക്ടർ മുഖേന താൽക്കാലികമായി ദിവസക്കൂലിയിൽ തൊഴിലാളികളെ നിയോഗിച്ച് പദ്ധതികൾ പ്രവർത്തിപ്പിക്കാറുണ്ട്.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതുൾപ്പെടെ (Advice ഇനിയും ലഭിക്കാത്തത്) 176 ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഇ) ഒഴിവുകളിലേയ്ക്ക് അനധികൃത നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ കോൺട്രാക്ടർ മുഖേന ദിവസക്കൂലിയിൽ തൊഴിലാളികളെ വച്ച് ചില പദ്ധതികൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നുണ്ട്. ഇവിടങ്ങളിൽ പി.എസ്.സി.ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുന്ന മുറയ്ക്ക് കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുന്നതുമായിരിക്കും.

**വാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ**

**132 (6291)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ വാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ 10 % ആയി ഉയർത്തിയത് ജലവിഭവ വകുപ്പിലും ജല അതോറിറ്റിയിലും നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly